10
ചൊവ്വ
2017 ഒക്ടോബർ
1193 കന്നി 24

മക്തബ്

www.makthabdaily.com

അന്യമതസ്ഥനെ വിവാഹം കഴിക്കുന്നത് ലൗ ജിഹാദല്ലെന്ന് കോടതി

എറണാകുളം: മറ്റൊരു മതസ്ഥനെ വിവാഹം കഴിക്കുന്ന എല്ലാ സംഭവങ്ങളും ലൗജിഹാദായി കാണാനാവില്ലെന്ന് ഹൈക്കോടതി. എറണാകുളം കണ്ടനാട്ടെ വിവാദ യോഗകേന്ദ്രവുമായി ബന്ധപ്പെട്ട കേസിൽ ലൗജിഹാദിന്റെ സൂചനകളില്ലെന്നും കോടതി വ്യക്തമാക്കി. യോഗ കേന്ദ്രത്തിനെതിരെ ശ്രുതി എന്ന യുവതിയുടെയും ഹർജിയും ശ്രുതിയെ വിട്ടുകിട്ടണമെന്നാവശ്യപ്പെട്ട് ഭർത്താവ് അനീസ് നൽകിയ ഹേബിയസ് കോർപ്പസ് ഹർജിയും പരിഗണിക്കവെയായിരുന്നു കോടതിയുടെ പരാമർശം. ശ്രുതിയെ അനീസിനൊപ്പം പോകാൻ അനുവദിച്ച കോടതി എന്നാൽ ഹർജികൾ തീർപ്പാക്കാതെ പിന്നീട് വിശദ ഉത്തരവ് പുറപ്പെടുവിക്കുമെന്ന് വ്യക്തമാക്കി.

തളിപ്പറമ്പ പുസ്തകം 10 ലക്കം 309 makthabdaily@gmail.com RNI Reg.No.KER MAL/2007/22043 Reg.No.KL/KNR/15/2015-17 Ph: 0460- 2208010 പേജ് 4 വില: 4.00 രൂപ

കാലടിപ്പാടുകൾ തേടിയുള്ള പോലീസ് അന്വേഷണം; പശു മോഷ്ടാവ് പിടിയിൽ

ആശിക്

കണ്ണപുരം: വേറിട്ട വഴിയിലൂടെയുള്ള പോലീസ് അന്വേഷണം പശുമോഷണത്തിന് തുമ്പുണ്ടാക്കി. കണ്ണപുരം എസ്.ഐ ധനഞ്ജയ്ദാസിന്റെ നേതൃത്വത്തിൽ നടന്ന സമർത്ഥമായ അന്വേഷണമാണ് പശുമോഷ്ടാവിനെ കുടുക്കിയത്.

ഇടക്കേപ്രം പടിഞ്ഞാറ് മുണ്ടവളപ്പിൽ വത്സലന്റെ നാലുവയസുള്ള പശുവാണ് കഴിഞ്ഞ വ്യാഴാഴ്ച മോഷണം പോയത്. പറമ്പിൽ കെട്ടിയ പശുവിനെയാണ് നഷ്ടപ്പെട്ടത്. പശുവിനെ കെട്ടിയ കയർ അറുത്തുമാറ്റിയായിരുന്നു മോഷണം. കയറിന്റെ ഒരു കഷ്ണം സ്ഥലത്ത് ഉപേക്ഷിച്ചിരുന്നു. പരാതിയെ തുടർന്ന് സ്ഥലത്ത് എത്തിയ എസ്.ഐയും സംഘവും പശുവിന്റെ കാലടിപ്പാടുകൾ പിന്തുടർന്ന് അന്വേഷണം തുടങ്ങി. ഇടക്കേപ്രത്ത് നിന്ന് മാട്ടുൽ വയൽ വരെ പശുവിന്റെ കാലടിപ്പാടുകൾ പിന്തുടരാൻ പോലീസിന് കഴിഞ്ഞു. പിന്നെ അടയാളങ്ങളൊന്നും കാണാത്തതിനാൽ പശുവിനെ അറുത്ത് വിൽപ്പന നടത്തിയിട്ടുണ്ടാകുമെന്ന സംശയത്താൽ വളപട്ടണത്തെ തുകൽ ഫാക്ടറിയിൽ ചെന്ന് അന്വേഷണം നടത്തി. മോഷണം പോയ പശുവിന്റെ നിറം കറുപ്പായിരുന്നു. തുകൽ ഫാക്ടറിയിൽ നിന്ന് കറുത്ത നിറമുള്ള തുകൽ ലഭിച്ചതോടെ എവിടെ നിന്നാണ് അത് എത്തിയതെന്ന് കണ്ടെത്താനായി ശ്രമം. അതിനായി പ്രദേശത്തെ മുഴുവൻ അറവുശാലകളിലും അന്വേഷണം നടത്തിയെങ്കിലും അവിടെയൊന്നും പശുവിനെ അറക്കാറില്ലെന്നും പോത്തിനെയാണ് അറക്കാറുള്ളതെന്നും വ്യക്തമായി. എന്നാൽ പശു മോഷണം പോയതിന്റെ പിറ്റേ ദിവസമായ വെള്ളിയാഴ്ചത്തേക്ക് ഒരു പശുവിനെ ലഭിക്കാൻ അന്വേഷണം നടത്തിയ സംഘത്തെ കുറിച്ച് അറവുശാലക്കാരിൽ നിന്ന് പോലീസിന് സൂചന ലഭിച്ചു. മടക്കരയിലെ സംഘമാണ് അന്വേഷണം നടത്തിയതെന്ന് വ്യക്തമായതോടെ പോലീസ് മടക്കരയിലെത്തി. അവിടെ പുഴയോരത്ത് മണൽവാരാൻ ഉപയോഗിക്കുന്ന ചീനകൾ കൂട്ടിയിട്ടതിന്റെ മറവിൽ അറവ് നടത്തിയതിന്റെ ലക്ഷണം കാണപ്പെട്ടു. അവിടെ നിന്ന് ഒരു കയറിന്റെ കഷ്ണവും ലഭിച്ചു. ഇത് വത്സലനെ കാണിച്ചതോടെ അയാളുടെ പശുവിനെ കെട്ടിയ കയറിന്റെ ഭാഗം തന്നെയാണെന്ന് തെളിഞ്ഞു. അറവുശാലക്ക് സമീപത്ത് നിന്ന് ലഭിച്ച ചാണകം ഒരു അറവുശാലക്കാരനെ കൊണ്ട് പരിശോധിച്ചപ്പോൾ പശുവിന്റെതാണെന്ന് വ്യക്തമാവുകയും ചെയ്തു. പശുവിന്റെ മൂക്കുകയറും ഇവിടെ നിന്ന് ലഭിച്ചു. ഇവിടെ അറവ് നടത്തുന്നവരെ ചോദ്യം ചെയ്തപ്പോൾ പശുവിനെ വിറ്റ ആളെയും വ്യക്തമായി. തുടർന്ന് മടക്കര കൊവ്വുമ്മൽ ഹൗസിൽ ആശിക് (21)നെ അറസ്റ്റ് ചെയ്യുകയായിരുന്നു.

മോഷ്ടിച്ച ശേഷം ആർക്കും സംശയം തോന്നാതിരിക്കാൻ പശുവുമായി ഇയാൾ വയലിലൂടെ നടന്നുപോവുകയായിരുന്നു. പിന്നീട് എയിസ് വാഹനം വാടകക്ക് എടുത്ത് അതിൽ കയറ്റി പശുവിനെ മടക്കരയിൽ എത്തിച്ച് വിൽക്കുകയായിരുന്നു. മോഷ്ടിച്ച പശുവിനെയാണ് തങ്ങൾക്ക് വിറ്റതെന്ന് അറവുകാർക്ക് അറിയുമായിരുന്നില്ല.

വയനാട് ബസിൽ കടത്തിയ 30 ലക്ഷത്തിന്റെ സ്വർണ്ണം പിടികൂടി

വയനാട് 30 ലക്ഷത്തിന്റെ സ്വർണ്ണാഭരണങ്ങളുമായി പിടിയിലായവർ

മാനന്തവാടി: രേഖകളില്ലാതെ ബസിൽ കടത്തുകയായിരുന്ന 30 ലക്ഷത്തിന്റെ സ്വർണ്ണാഭരണങ്ങൾ എക്സൈസ് ഇന്റലിജൻസ് ഇൻസ്പെക്ടർ എ.ജെ. ഷാജിയുടെ നേതൃത്വത്തിൽ പിടികൂടി. ആറുപേരെ അറസ്റ്റ് ചെയ്തു.

ബംഗ്ളൂരുവിൽ നിന്ന് പെരിന്തൽമണ്ണയിലേക്ക് പോവുകയായിരുന്ന കല്ലട ട്രാവൽസിന്റെ ലക്ഷ്വറി ബസിൽ നിന്നാണ് ആഭരണങ്ങൾ പിടികൂടിയത്. തോൽപ്പെട്ടിയിൽ ബസ് തടഞ്ഞുനിർത്തി എക്സൈസ് സംഘം പരിശോധന നടത്തുകയായിരുന്നു. സ്യൂട്ട്കെയ്സിനകത്തായിരുന്നു മാല, വള, കമ്മൽ, മോതിരം തുടങ്ങിയ ആഭരണങ്ങൾ. ബംഗ്ളൂരു സ്വദേശികളായ സംഗേഷ് ഡി ജയിൻ (30), അഭയ് എൻ ജയിൻ (28) ചമ്പറാം ദിവാസി (29), മദൻലാൽ ദിവാസി (31), വിക്രം (32), കമലേഷ് (27) എന്നിവരാണ് പിടിയിലായത്. കോഴിക്കോടെ ഒരു ജ്വല്ലറിയിലേക്ക് കൊണ്ടുപോവുകയായിരുന്നു ആഭരണങ്ങളെന്നാണ് പിടിയിലായവർ പോലീസ് പിടികൂടി. രണ്ടുപേരെ അറസ്റ്റ് ചെയ്തു.

ഇന്ന് രാവിലെ കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിൽ വെച്ചാണ് 79.46 ലക്ഷം രൂപ പിടിച്ചെടുത്തത്. വേങ്ങര സ്വദേശികളായ അബ്ദുൾറഹ്മാൻ, സിദിഖ് എന്നിവരെയാണ് അറസ്റ്റ് ചെയ്തത്. കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിലിറങ്ങി കാർ മാർഗം പണം വേങ്ങരയിൽ എത്തിക്കാനാണ് പ്രതികൾ ലക്ഷ്യമിട്ടതെന്ന് പോലീസ് പറഞ്ഞു. നാളെ വോട്ടെടുപ്പ് നടക്കുന്നതിന് തൊട്ടുമുമ്പേ മണ്ഡലത്തിൽ വിതരണം ചെയ്യാനുള്ള പണമാണിതെന്ന് സംശയിക്കുന്നു. തിരഞ്ഞെടുപ്പിൽ പണമൊഴുക്കുന്നത് തടയാൻ പോലീസ് കർശന നടപടി സ്വീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ടാണ് പരിശോധന നടന്നത്. കഴിഞ്ഞ ദിവസം ഒമ്പത് ലക്ഷം രൂപയുടെ കള്ളപ്പണം പോലീസ് പിടിച്ചെടുത്തിരുന്നു.

വേങ്ങരയിൽ വൻകള്ളപ്പണവേട്ട; 80 ലക്ഷം രൂപ പിടിച്ചെടുത്തു

മലപ്പുറം: നാളെ ഉപതിരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന വേങ്ങരയിലേക്ക് കൊണ്ടുവരികയായിരുന്ന വൻ കള്ളപ്പണം പോലീസ് പിടികൂടി. രണ്ടുപേരെ അറസ്റ്റ് ചെയ്തു.

ഇന്ന് രാവിലെ കുറ്റിപ്പുറം റെയിൽവേ സ്റ്റേഷനിൽ

കാർ തടഞ്ഞ് കൊള്ള; നാലുപേർക്കെതിരെ കേസ്

പയ്യന്നൂർ: റെയിൽവേ മേൽപ്പാലത്തിൽ കാർ തടഞ്ഞുനിർത്തി കൊള്ളയടിച്ച നാലംഗസംഘത്തിനെതിരെ കേസെടുത്തു. ചിറക്കൽ പാർവതി നിവാസിലെ കെ.പി. സജീവ് കുമാറിന്റെ പരാതിയിൽ പയ്യന്നൂർ ആരാധനയിലെ വി.എൻ. നവീൻ, പയ്യന്നൂരിലെ തന്നെ അരുൺ, മറ്റ് കണ്ടാലറിയാവുന്ന രണ്ടുപേർ എന്നിവർക്കെതിരെയാണ് പോലീസ് കേസെടുത്തത്.കഴിഞ്ഞ ആഗസ്ത് 30നാണ് കേസിനാസ്പദമായ സംഭവം. പയ്യന്നൂർ റെയിൽവേ സ്റ്റേഷനിലേക്ക് പോകാനായി കൊറ്റിമേൽ പാലത്തിലെത്തിയ കാർ തടഞ്ഞുനിർത്തി കൊള്ളയടിക്കുകയായിരുന്നു. സജീവ്കുമാറിന്റെ സുഹൃത്ത് മിഥുൻ ഓടിച്ച കാറിൽ സജീവ്കുമാറും പിതാവുമുണ്ടായിരുന്നു. അരുൺ ബൈക്ക് റോഡിന് കുറുകെയിട്ട് കാർ തടഞ്ഞു. പിറകിലായി ചുവന്ന ഹുണ്ടായ് കാറും തടസമാക്കി നിർത്തിയിട്ട് പണം ആവശ്യപ്പെടുകയായിരുന്നു. 49000രൂപ വില വരുന്ന വാച്ചും 6000രൂപയും ബലപ്രയോഗത്തിലൂടെ തട്ടിയെടുത്ത് സംഘം രക്ഷപ്പെട്ടുവെന്നാണ് കേസ്.

ബി.ജെ.പി ജില്ലാ ഓഫീസിന് സമീപത്തെ പറമ്പിൽ നിന്ന് ആയുധങ്ങൾ കണ്ടെടുത്തു

കണ്ണൂർ: ബി.ജെ.പി. ജില്ലാ കമ്മിറ്റി ഓഫീസിന് സമീപത്തെ കാടുപിടിച്ച് കിടക്കുന്ന പറമ്പിൽ നിന്ന് ആയുധങ്ങൾ കണ്ടെടുത്തു. രണ്ട് വടിവാളുകളും ആറ് ഇരുമ്പ് ദണ്ഡുകളുമാണ് കണ്ടെത്തിയത്. ഇന്ന് രാവിലെ ആളൊഴിഞ്ഞ പറമ്പിൽ കോർപ്പറേഷൻ തൊഴിലാളികൾ ശുചീകരണം നടത്തുമ്പോഴാണ് ആയുധങ്ങൾ ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് പോലീസിൽ വിവരം അറിയിക്കുകയായിരുന്നു. പോലീസ് നടത്തിയ റെയ്ഡിലാണ് ആയുധങ്ങൾ കണ്ടെടുത്തത്. റെയ്ഡ് തുടരുകയാണ്.

ബി.ജെ.പി ഓഫീസിന് സമീപത്തെ പറമ്പിൽ കണ്ടെത്തിയ ആയുധശേഖരം

ഇതര സംസ്ഥാന തൊഴിലാളികളെ കൊല്ലുന്നുവെന്ന വ്യാജ പ്രചാരണം; ഹോട്ടൽ ഉടമകൾ പരാതി നൽകി

കോഴിക്കോട്: ഇതര സംസ്ഥാന തൊഴിലാളികളെ കൊല്ലുന്നുവെന്ന വ്യാജ പ്രചാരണത്തിന് എതിരെ ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ പോലീസിൽ പരാതി നൽകി. ഇതര സംസ്ഥാന തൊഴിലാളികളെ അക്രമിക്കാനും കൊലപ്പെടുത്താനും ഒരു സംഘം ഇറങ്ങിയിട്ടുണ്ടെന്നാണ് വാട്സ്ആപ്പിലൂടെയും മറ്റും പ്രചരിപ്പിക്കുന്നത്. ആക്രമിക്കപ്പെട്ടവരും കൊല്ലപ്പെട്ടവരും എന്നൊക്കെ പറഞ്ഞ് വ്യാജ ഫോട്ടോകളും പ്രചരിപ്പിക്കുന്നുണ്ട്.

വ്യാജ പ്രചാരണത്തെ തുടർന്ന് 200ഓളം ഇതര സംസ്ഥാന തൊഴിലാളികൾ കോഴിക്കോട് നിന്ന് നാട്ടിലേക്ക് തിരിച്ചുപോയെന്നാണ് പറയുന്നത്. കോഴിക്കോട്ടെ 20ഓളം ഹോട്ടലുകളിലെ തൊഴിലാളികളാണ് സ്ഥലം വിട്ടതത്രെ. ബംഗാളികളാണ് വ്യാജ പ്രചാരണം ഏറെയും നടക്കുന്നത്. അവിടെ വീടുകളിൽ ഒരു സംഘം നോട്ടീസ് വിതരണം നടത്തുന്നുണ്ട്. നവമാധ്യമങ്ങളിൽ വന്ന പ്രചാരണങ്ങളെ ആസ്പദമാക്കിയാണ് നോട്ടീസ് വിതരണം. കോഴിക്കോട് രണ്ടാഴ്ച മുമ്പ് ബംഗാൾ സ്വദേശിയായ യുവാവ് ജീവനൊടുക്കിയിരുന്നു. ഇതിന്റെ പിറകെയാണ് പ്രചാരണം തുടങ്ങിയത്. തൊഴിലാളികൾ നാട്ടിലേക്ക് മടങ്ങിയതിനെ തുടർന്ന് കോഴിക്കോട് നഗരത്തിലെ രണ്ട് ഹോട്ടലുകൾ അടച്ചിരിക്കുകയാണ്.

അതിനിടെ കോഴിക്കോട്ടെ ഇതര സംസ്ഥാന തൊഴിലാളികൾ വ്യാജ പ്രചാരണത്തിന് എതിരെ എതിർ പ്രചാരണം തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ യാതൊരു പ്രശ്നവും ഇല്ലെന്നും തങ്ങൾ സുരക്ഷിതരാണെന്നുമുള്ള സത്യമാണ് ഇവർ ഇപ്പോൾ പ്രചരിപ്പിച്ചുതുടങ്ങിയത്. സ്ഥാപന ഉടമകളുടെ സഹായത്തോടെയാണ് എതിർ പ്രചാരണം നടത്തുന്നത്.

സംഭവത്തെ കുറിച്ച് സൗത്ത് എ.സി.പി. അന്വേഷണം തുടങ്ങി. സൈബർ സെല്ലിന്റെ സഹായത്തോടെ വ്യാജ പ്രൊഫൈലിന് പിറകിലുള്ളവരെ കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്. പ്രശ്നം ചർച്ച ചെയ്യാൻ കോഴിക്കോട് പോലീസ് കമ്മീഷണർ ഇന്ന് യോഗം വിളിച്ചുചേർത്തിട്ടുണ്ട്.

നാറാത്ത് ആയുധ പരിശീലന ക്യാമ്പ്

ഒളിവിൽ കഴിഞ്ഞ പ്രതി എൻ.ഐ.എ കസ്റ്റഡിയിൽ

കണ്ണൂർ: നാറാത്ത് പോപ്പുലർ ഫ്രണ്ടിന്റെ നേതൃത്വത്തിൽ ആയുധ പരിശീലന ക്യാമ്പ് നടത്തിയെന്ന കേസിൽ പിടികൂടാൻ ബാക്കിയുണ്ടായിരുന്ന 23-ാം പ്രതി എൻ.ഐ.എ കസ്റ്റഡിയിലായി. നാറാത്ത് മുണ്ടോൻവയലിലെ അസറുദീനെ (25) യാണ് ഇന്നലെ രാത്രി ദേശീയ അന്വേഷണ ഏജൻസി കസ്റ്റഡിയിലെടുത്തത്. കേസിലെ 21 പ്രതികളെ കോടതി നേരത്തെ ശിക്ഷിച്ചതായിരുന്നു. പിടി കൊടുക്കാതെ ഇത്രയും കാലം ഒളിവിലായിരുന്ന അസറുദീൻ നാട്ടിലെത്തിയപ്പോഴാണ് എൻ.ഐ.എ സംഘം വലയിലാക്കിയത്. 2013 ഏപ്രിൽ 23നായിരുന്നു കേസിനാസ്പദമായ സംഭവം. തണൽ ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പോപ്പുലർഫ്രണ്ട് പ്രവർത്തകരായ പ്രതികൾ ആയുധ പരിശീലനത്തിനിടെ പിടിയിലാകുകയായിരുന്നു. അന്ന് 21 പേരെ മയ്യിൽ എസ്.ഐ സുരേന്ദ്രൻ കല്യാടനും വളപട്ടണം സി.ഐ ആയിരുന്ന പി. ബാലകൃഷ്ണൻ നായരും ചേർന്ന് താവളം വളഞ്ഞ് അറസ്റ്റ് ചെയ്യുകയായിരുന്നു. ക്രിമിനൽ ഗൂഢാലോചന, നിയമവിരുദ്ധ സംഘം ചേരൽ, മത വിദ്വാഗങ്ങൾക്കിടയിൽ വിദ്വേഷത്തിന് ശ്രമിക്കൽ എന്നിങ്ങനെ ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾക്ക് പുറമെ യു.എ.പി.എ നിയമത്തിലെ 18, 18 എ എന്നീ വകുപ്പുകളും പ്രതികൾക്കെതിരെ ചുമത്തിയിരുന്നു. കേസിൽ ആകെ 23 പ്രതികളാണുള്ളത്. യു.എ.പി.എ വകുപ്പ് നിലനിൽക്കുന്നതല്ലെന്ന് കണ്ട് പിന്നീട് ഹൈക്കോടതി റദാക്കുകയും സുപ്രീംകോടതി വിധി ശരിവെക്കുകയും ചെയ്തിരുന്നു. ലോക്കൽ പോലീസിൽ നിന്ന് എൻ.ഐ.എ കേസ് അന്വേഷണം ഏറ്റെടുത്തതോടെ വിചാരണ എറണാകുളത്തെ പ്രത്യേക കോടതിയിലേക്ക് മാറ്റി. ഒന്നാം പ്രതിയായ മാലൂർ ശിവപുരത്തെ പുതിയ വീട്ടിൽ അബ്ദുൾ അസീസ് (45) ഉൾപ്പെടെയുള്ള 21 പ്രതികളെ കോടതി ശിക്ഷിക്കുകയും ചെയ്തു. എന്നാൽ കേസിലെ 22-ാം പ്രതിയായ കമ്പിൽ അത്തിക്കര വീട്ടിൽ കമറുദീനെ (36) കോടതി കുറ്റക്കാരനല്ലെന്ന് കണ്ട് വെറുതെവിടുകയായിരുന്നു.

തളിപ്പറമ്പിൽ നാളെ (11-10-2017 ബുധൻ) മുതൽ പ്രവർത്തനമാരംഭിക്കുന്നു

CSC ID: 545134250014

CSC Digital India AADHAAR

DIGITAL SEVA
Common Service Center

പൊതുജന സേവാകേന്ദ്രം
(കേന്ദ്രസർക്കാർ അംഗീകൃതം)

POST OFFICE ROAD, TALIPARAMBA
Phone: 04602201209, Mobile : 9400035209
Email: dsevatpbo@gmail.com

സേവനങ്ങൾ

- ഇ-ആധാർ
- പാസ്പോർട്ട്
- പാൻകാർഡ്
- പാൻ കാർഡ് തിരുത്തൽ
- വിവാഹ സർട്ടിഫിക്കറ്റ്
- കുടിക്കട സർട്ടിഫിക്കറ്റ്
- ജനന-മരണ സർട്ടിഫിക്കറ്റ്
- പഞ്ചായത്തത് സർട്ടിഫിക്കറ്റുകൾ
- പി.എസ്.സി. രജിസ്ട്രേഷൻ
- ഓൺലൈൻ അപേക്ഷകൾ
- വൈദ്യുതി, ഫോൺ ബില്ലുകൾ
- ഫോട്ടോസ്റ്റാറ്റ്
- ഹാൾടിക്കറ്റ്
- യൂണിവേഴ്സിറ്റി അപേക്ഷ
- ഓൺലൈൻ പേമെന്റ്
- ലാമിനേഷൻ
- വിവിധയിനം ഫോമുകൾ Etc

ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു

ടെൻഷൻ ഒഴിവാക്കൂ..!!

AWI
wooden frames
33 YEARS OF EXPERIENCE
READYMADE
കട്ടിള
ജനൽ

ഗ്രിൽസ് ആശാരിക്കൂലി ഉൾപ്പെടെ	ആഞ്ഞിലി പ്ലാവ്	വിദേശ വീട്ടി	വിദേശ ഇരുൾ	
കട്ടിള	3800	4500	5240	മുതൽ
3 പാളി ജനൽ	9200	10850	11420	മുതൽ
2 പാളി ജനൽ	6500	7700	8150	മുതൽ

തടിമരം വാങ്ങുന്ന മുടക്ക് വേണ്ട ഗ്രിൽസ് അടക്കം റെഡിമെയ്ഡ് കട്ടിള, ജനലുകൾ സ്വന്തമാക്കാൻ

ആയിഷ വുഡ്
IMPORTS & EXPORTS
N.H. പിലാത്തറ, പയ്യന്നൂർ
N.H. ഐങ്ങോത്ത്, കാഞ്ഞങ്ങാട്
9847808929
e-mail: ayshawoodstrading@rocketmail.com
ayshawoods web: www.ayshawoods.com